
# ST. GEORGE’S H S S VELAMCODE

## 2019-20




**LITTLE KITES PRESENTS**

# ST. GEORGE’S H S S VELAMCODE

## 2019-20

## LITTLE KITES PRESENTS

# നിഴൽ ചിത്രങ്ങളിൽ നിറം പെയ്യുമ്പോൾ

# സമർപ്പണം

സൂര്യൻ അഗ്നിക്ക് സമമായി

ജ്വലിച്ചപ്പോഴും കാലിടറാതെ

കൈതളരാതെ മുന്നോട്ട്

പതിച്ച പാദങ്ങൾക്ക് മുമ്പിൽ.....

ഒപ്പം അക്ഷരങ്ങൾക്ക് വേണ്ടി

ജീവൻ ത്യജിക്കേണ്ടിവന്ന

ആയിരങ്ങൾക്ക് മുമ്പിൽ...

മറക്കാത്ത ഓർമ്മകൾ പോലെ

പെയ്തിറങ്ങിയ മഴയാകുന്ന സ്മരണകൾക്ക്

മുമ്പിൽ ........സമർപ്പിക്കുന്നു......!

"LIFE IS A STORY; WORLD IS A STAGE; GOD IS THE DIRECTOR AND WE ALL ARE ACTORS എന്ന

ഒരു ചിന്ത കേട്ടിട്ടില്ലേ........................

ഇതിൽ പറയും പോലെ

ഈ വേദിയിൽ

ആടിത്തീർക്കാൻ വിധിക്കപ്പെട്ട

തിരക്കഥയാണ് ജീവിതം........!

“ചൂടാതെ പോയ് നീ, നിനക്കായ് ഞാൻ ചോര
ചാറിചുവപ്പിച്ചൊരെന്റെ പനിനീർപൂവുകൾ
കാണാതെ പോയ് നീ, നിനക്കായ്
ഞാനെന്റെ
പ്രാണന്റെ പിന്നിൽ കുറിച്ചിട്ട വാക്കുകൾ
ഒന്നു തൊടാതെ പോയ് വിരൽ തുമ്പിനാൽ
ഇന്നും നിനക്കായ് തുടിക്കുമെൻ തന്ത്രികൾ "

ആനന്ദധാര

-ബാലചന്ദ്രൻ ചുള്ളിക്കാട്

# SMILE

*The most beautiful thing in life*
*a smile is light in the window of your soul*
*waking up and seeing your beautiful smile*
*let me know that every smile counts*
*just a smile can light up a room*
*transforming tensions and worries*
*bringing light into darkness*
*ushering in hope and enthusiasm*
*a smile it is the prettiest thing*
*one can offer to those what come his way*
*but my lips should not that*
*wear a smile and bring joy to the world*
*for that is what we are born for.*

# അമ്മ

വീട്ടിൽ അമ്മ കാത്തിരിക്കുന്നുണ്ടെന്നുള്ള തിരിച്ചറിവാണ് ഏതൊരുവന്റെയും വീട്ടിലേക്കുള്ള യാത്രകളെ പ്രകാശപൂരിതമാക്കുന്നത്.ഏത് മഴകൊണ്ടും ഏത് വെയിലേറ്റും അതു നേരത്തും കയറിച്ചെന്ന് വാതിൽ മുട്ടുമ്പോഴും മുമ്പിൽ കൊളുത്തിവെച്ച ദീപം പോലെ അമ്മ നിലനിൽക്കുമെന്ന തിരിച്ചറിവു തന്നെ .

വീട്ടിലെ അമ്മമാർ സിനിമകളിലെ പൊന്നമ്മമാരല്ല. മനുഷ്യോചിതമായ എല്ലാ വിധ വികാരവിചാരങ്ങളിലും ഉള്ള സാധാരണ ക്കാരായ അമ്മമാരാണ് നമുക്കുള്ളത്. അവർ കോപിക്കും. ശാസിക്കും. ശിക്ഷിക്കും. എങ്കിലും നമുക്ക് ആശ്രയമായിരിക്കും.

പിഴയ്ക്കുന്ന വ്യാകരണങ്ങൾക്കും തെറ്റുന്ന ഗുണിതങ്ങൾക്കും ഇടയിൽ നിന്ന് കരഞ്ഞ് തളർന്ന് ഓടിവരുന്ന നമുക്ക് ഇരു കൈകളും വിരിച്ച് പിടിച്ച് നിൽക്കാൻ അമ്മ വേണം. അമ്മ ഇല്ലാത്തപ്പോഴാണ് സത്യത്തിൽ അമ്മ ആരായിരുന്നു എന്ന് തിരിച്ചറിയാൻ പറ്റുന്നത്. ആ അവസ്ഥ ശൂന്യത നിറഞ്ഞതാണ്. അമ്മക്ക് പകരം എന്നും അമ്മ മാത്രെ ഉള്ളൂ. അതിന് പകരം വെക്കാൻ ലോകത്ത് മറ്റൊരു ശക്തിയില്ല.അമ്മ !






# NATIONAL CADET CROPS



# LITTLE KITES





# ANNUAL SPORTS







# ARTS







# CELEBRATIONS









## *MY HEART'S GRIEF*

*Some times i feel*
*i don't belong here*
*when my heart refuses*
*to heel the wounds*
*inflicted their*
*bring one of those*
*i reject my birth here*
*an innocent heart*
*turns a burden*
*in a world were*
*feather is heavier than a stone*
*holding a smile*
*while peace is a value*
*when will i see spring of life*
*when autumn prevails?*

മനുഷ്യനും മറ്റു ജീവികളും

ഇങ്ങനെ നിവർന്ന് നടന്നത്

ഭൂമിയുടെ തട്ടിലൂടെയല്ല ....

പ്രകൃതിയുടെ മടിതട്ടിലൂടെ.....

അവിടെ അവർ സുഖമായ് ഉറങ്ങി,

സന്തോഷത്തോടെ പുലരി കുളിച്ചും

വിശന്നപ്പോൾ തിന്നും

ദാഹിച്ചപ്പോൾ കുടിച്ചും

രാത്രിയെ കണ്ടു ഭയന്നൊളിച്ചും

കാലങ്ങൾ ചിലവിട്ടു.

അവനൊപ്പം ആപ്പിൾ ഫലം ഉള്ളിൽ കിടന്ന്

സുഖമായ് വളർന്നു പന്തലിച്ചു,

അതിൽ ആഗ്രഹങ്ങൾ(ദുരാഗ്രഹങ്ങൾ)

തൂങ്ങിയാടി.

# DISCIPLINE

*As i sat dreaming about my chances of success*

*i stumble upon a topic that could lead me to the crest*

*a topic my teacher was bend on making me learn*

*so that could with easy let success be churned*

*discipline is what my teacher stressed on*

*a word that could let me make up for the time that was gone*

*be it in academic or sports or any other field*

*these are countless  benefits a confident mind could yield*

*a confident mind  is the product of disciplined approach*

*today i am trying to be disciplined in each and every step*

*come tomorrow i shall thank my teachers for their efforts*

# പരീക്ഷ

ആദ്യ പരീക്ഷ നേരിട്ടതാരാണ്?

ആദമും ഹവ്വായുമാണോ? അതോ ദൈവമോ?

സീതയും സാവിത്രിയും അഹല്യയും

നേരിട്ടതും പരീക്ഷയായിരുന്നല്ലൊ

കൗരവ സദസ്സിൽ പരീക്ഷിക്കപ്പെട്ടത്

ദ്രൗപതിയോ സാക്ഷാൽ ശ്രീകൃഷ്ണനൊ?

സഹസ്രാബ്ദങ്ങൾ പിന്നിട്ട പരീക്ഷകൾ

ഇപ്പോഴും തുടരുന്നു.

പരീക്ഷകൾ പരീക്ഷണങ്ങളായി

മാറുന്ന പുതിയ കാലത്ത് നമ്മൾ

പരീക്ഷകളെ തിരിച്ചറിയുന്നില്ല.

സകല സാങ്കേതികവിദ്യകളുടെ പിൻബലത്തോടെ

പരീക്ഷകൾ പരിഷ്കരിക്കപ്പെടുന്നു.

പുതിയ കാലത്തിൽ, യഥാർത്ഥത്തിൽ

തോൽപ്പിക്കപ്പെടുന്നവർ ആരാണ്?

പരീക്ഷയോ? പരീക്ഷകനോ? അതോ

പരീക്ഷിക്കപ്പെടുന്നവനോ?

# *THE VALUE OF HUMOUR*

*"One who has a sense of*
*humour has a keen wit*
*and fertilise imagination.*

*The real purpose of*
*humour is to create*
*a close relationship*
*between two friends or*
*between the teacher and*
*his students."*

എന്നും

പഴിമാത്രമാണ് കേൾക്കാറ്

ആത്മഹത്യാകുറിപ്പുകളിൽ
കള്ളന്റെ ഏറ്റുപറച്ചിലിൽ
പിന്നെ വേശ്യയുടെ
കുമ്പസാരമൊഴിയിലും
പ്രതി ഞാനായിരുന്നു

ഒളിച്ചോടണമെന്നു
തോന്നിയിട്ടുണ്ട്
പലകുറി

എങ്കിലും
ആവില്ലല്ലോ എനിക്ക്

പകലുകളിൽ
പത്ര വായനക്കിടയിലും
പിന്നെ ഉച്ചയുടെ
മണി മുഴങ്ങുമ്പോഴും
ഓടിയെത്താതിരിക്കാൻ

(വിശപ്പ്)

# *FULFIL THE DREAM*

*A dream is a seed*
*seed from a tree*
*care tree from weed*
*grow it free.*
*Water the seed*
*with knowledge*
*destroy the weed*
*with bondage.*
*Seed is a window*
*through which you see*
*future the shadow*
*of who you will be.*

# യാത്ര

ഒരു ഇരുണ്ട അസ്തമയത്തിനിടയില്

ഞാനെന്റെ ചോദ്യങ്ങള്ക്ക് ഉത്തരം തിരയുന്നു.

രാവിലെ സൂര്യന്- ഉറക്കച്ചടവോടെ

എഴുന്നേല്ക്കുമ്പോള് ഇരുട്ട് വാ പൊത്തി ഓടി മറയുമ്പോള്

എന്റെ മനസ്സില് ചോദ്യങ്ങള് ഉണ്ടാഒയിരുന്നില്ല.എനിക്ക്

വിശ്വാസമുണ്ടായിരുന്നു. എന്റെ യാത്രയുടെ മനോഹരമായ

ചവിട്ടുപടികള് എന്റെ സ്വപ്നത്തെ വിളയിച്ചെടുക്കാമെന്ന് .

പക്ഷേ ! സായാഹ്നമാകും വരെ വിധി എന്നെ വെറും

കൈയ്യോടെ ഇരുത്തി. ഒപ്പം ചോദ്യങ്ങളുടെ നദിയില് ഞാന്

മുങ്ങിപ്പോയി.

അങ്ങനെ ഒരു ഇരുണ്ട അസ്തമയത്തിനിടയില് ഞാന്

എന്റെ ചോദ്യങ്ങള്ക്ക് ഉത്തരം തിരയുന്നു. എന്തെന്നാല,

എന്റെ ഉള്ളിലെ നഷ്ടപ്പെട്ട വേദനകളെ തിരയാന്

പറ്റിയിരുന്നെങ്കില.

# മധുര സ്മരണകളിലൂടെ..........

സസഅറിവിന്റെ പൊൻകിരണമായ പ്രിയ വിദ്യാലയത്തിന് ഒരായിരം നമസ്കാരം. ഞങ്ങളുടെ ജീവിതത്തിലേക്ക് അറിവിന്റെ മുത്തുമണികൾ വിതറി വിജ്ഞാനത്തിലേക്ക് കൈപിടിച്ചുയർത്തിയ സെന്റ് ജോർജ് എന്ന പ്രകാശഗോളത്തിന് ഞങ്ങൾ വിദ്യാർത്ഥികളുടെ പ്രണാമം......ഈ വിദ്യാലയത്തോട് വിടപറയാൻ നേരമാകുമ്പോൾ ഞങ്ങൾ അനിർവചനീയമായ ഒരു തരം നൊമ്പരത്തിലാണ്.

തികച്ചും അപരിചിതമായ ഒരു ലോകത്തിലേക്കായിരുന്നു ഒന്നാം ക്ലാസിൽ ഞങ്ങൾ എത്തിച്ചേർന്നത്. എന്നാൽ ആ ലോകം വളരെ വേഗത്തിൽ പരിചിതമായത് ഞങ്ങൾ അറിഞ്ഞു.സ്വന്തം കു ടുംബം പോലെയാണ് ഈ വിദ്യാലയം ഞങ്ങളെ അറിവിന്റെ ലോകത്തിലേക്ക് കൈപിടിച്ചുയർത്തിയത്. ഒരു സമയത്ത് പോകാൻ മടി പിടിച്ചിരുന്ന സ്കൂളിൽ നിന്നും, വിട പറയുമ്പോൾ പറഞ്ഞറിയിക്കാൻ പറ്റാത്ത ഒരു തേങ്ങൽ മനസ്സിലുണ്ടാകുന്നു.കഴിഞ്ഞുപോയ പോയ കാലം ഒരു രക്ഷയുമില്ലായിരുന്നു എന്ന് തന്നെ പറയാം.

കാലങ്ങൾ കഴിയുമ്പോൾ, മോഹങ്ങൾ പൂവണിയുമ്പോൾ ആരും ആരെയും ഓർക്കാറില്ല. പക്ഷെ ഒരിക്കൽ......... തിരിഞ്ഞ് നോക്കുമ്പോൾ തോന്നും......അവരെയൊക്കെ തിരിച്ചു കിട്ടിയിരുന്നെങ്കിലെന്ന്......അതെ, ഈ മധുരസ്മരണകൾ എന്നും മായാതെ ഞങ്ങളുടെ മനസ്സിലുണ്ടാകും .ഇനിയും ഒട്ടേറെ വിദ്യാർത്ഥികൾക്ക് പ്രചോദനമാകാൻ ഈ വിദ്യാലയത്തിന് സാധിക്കട്ടെ..................

വിജ്ഞാനത്തിന്റെപ്രകാശഗോപുരമേ........ഒരായിരം നന്ദി..............

അവർണ്ണനീയമായ നന്ദി...........!

കൂടെ

നിന്നവർക്കും

സഹായിച്ചവർക്കും

നന്ദി.................

THANK
YOU